# ലിറ്റിൽ കൈറ്റ്സ്
# ഡിജിറ്റൽ മാഗസിൻ

# സെൻറ് സെബാസ്റ്റ്യൻസ് എച്ച് .എസ് .എസ് കടനാട്



1916 ൽ കടനാട് സെൻറ് അഗസ്റ്റിൻസ് ദേവാലയത്തോടനുബന്ധിച്ച് ബ.ദേവാസ്യാച്ചൻ, ബ.പാറേമ്മാക്കൽ മത്തായിച്ചൻ, ബ.ഉപ്പുമാക്കൽ ചാണ്ടിയച്ചൻ എന്നിവരുടെ അവിശ്രാന്ത പരിശ്രമഫലമായി സെൻറ് അഗസ്ററ്യൻ എൽ.ജി.വി. ഗ്രാൻറ് എന്ന പേരിൽ ആദ്യത്തെ അംഗീകൃത വിദ്യാലയം ആരംഭിച്ചു. പിന്നീടത് പ്രൈമറി സ്കൂളായി ഉയർത്തപ്പെട്ടു.നിരവധി നിസ്വാർത്ഥ വ്യക്തികളുടെ ശ്രമഫലമായി 1931 മെയ് 31-ന് സെന്റ് സെബാസ്ററ്യൻ ഇംഗ്ലീഷ് മീഡിയം സ്കൂൾ നിലവിൽ വന്നു.പിന്നീട് ഒന്നാം ഫോറം, രണ്ടാം ഫോറം, മൂന്നാം ഫോറം എന്നീ ക്ലാസുകൾ യഥാക്രമം 1932,1933,1936 വർഷങ്ങളിൽ ആരംഭിച്ച് സ്കൂൾ പൂർണ്ണ മിഡിൽ സ്കൂളായി ഉയർത്തപ്പെട്ടു .1951-ൽ മിഡിൽ സ്കൂൾ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യപ്പെട്ടു. 1953-ൽ രണ്ട് ഡിവിഷനുകൾ ഉള്ള നാലാം ഫോറത്തോടുകൂടി സെൻറ് സെബാസ്ററ്യൻസ് ഹൈസ്കൂൾ പ്രവർത്തനം ആരംഭിച്ചു.പ്രഥമ ഹെഡ്മാസ്ററർ റവ. ഡോ. സെബാസ്ററ്യൻ വള്ളോപ്പള്ളി തിരുമേനി ആയിരുന്നു. സ്കൂളിന്റെ സിൽവർ ജൂബിലി 1978-79 വർഷത്തിൽ വിപുലമായ രീതിയിൽ നടത്തപ്പെട്ടു. 1997-ൽ കേരളാ ഗവൺമെൻറ് ഹ്യൂമാനിററീസ്, സയൻസ് വിഷയങ്ങളിൽ പഠനസൗകര്യമുള്ള

റവന്യൂ ജില്ല

കോട്ടയം

വിദ്യാഭ്യാസ ജില്ല

പാലാ

ഉപജില്ല

രാമപുരം

സ്കൂൾ ഹെഡ്മാസ്റ്റർ

സജി തോമസ്


പി റ്റി എ പ്രസിഡന്റ്

സിബി അഴകൻപറമ്പിൽ

എം പി റ്റി എ പ്രസിഡന്റ്

ഡെയ്സി ജിബു

ഹയർസെക്കണ്ടറി സ്കൂൾ അനുവദിച്ചു. കെട്ടിടത്തിന്റെ ശിലാസ്ഥാപനം 17-11-97-ൽ മാർ ജോസഫ് പള്ളിക്കാപറമ്പിൽ തിരുമേനി നിർവഹിച്ചു.ഹയർസെക്കണ്ടറി സ്കൂളിന്റെ ഔപചാരിക ഉൽഘാടനം 18-8-98 -ൽ കേരള വിദ്യാഭ്യാസ മന്ത്രി ശ്രീ .പി . ജെ. ജോസഫ് നിർവഹിച്ചു. ഏതാണ്ട് 1150-ൽ പരം കുട്ടികൾ അധ്യയനം നടത്തുന്ന ഈ വിദ്യലയത്തിൽ 46അധ്യാപകരും 9 അനധ്യാപകരും നിസ്വാർത്ഥസേവനമർപ്പിക്കുന്നു. പഠന, കലാ, കായിക രംഗങ്ങളിൽ പുതിയ പൊൻതൂവലുകൾ കൂട്ടിച്ചേർക്കുന്ന സെൻറ് സെബാസ്ററ്യൻ ഹയർ സെക്കണ്ടറി സ്കൂൾ ഒരു ജൂനിയർ കോളേജിന്റെ തലയെടുപ്പോടെ ' തമസോമാ ജ്യോതിർഗമയാ' എന്ന ബ്രുഹ്ദാരണ്യകോപനിഷത്ത് മന്ത്രവുമായി ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് അറിവിന്റെ വെളിച്ചം പകരുന്നു. 2003-ൽ സ്കൂളിന്റെ സുവർണ്ണ ജൂബിലി സമുചിതമായി ആഘോഷിച്ചു. കലാകായിക പഠന രംഗങ്ങളിൽ ഉന്നതമായ നേട്ടങ്ങൾ കൈവരിച്ചുകൊണ്ട് ജില്ലയിലെ ഒന്നാംനിര സ്കൂളുകളുടെ തലത്തിൽ ഈ സ്കൂൾ എത്തിനിൽക്കുന്നു.



# ചീഫ് എഡിറ്റേഴ്സ് പേജ്

പ്രിയപ്പെട്ടവരേ ,

2022-25 ബാച്ച് ലിറ്റിൽ കൈറ്റ്സിന്റെ

ഈ എളിയ സൃഷ്ടി "

റെയിൻബോ "

ഡിജിറ്റൽ മാഗസിന്റെ

ഇതളുകളിലേയ്ക്ക് സ്വാഗതം .

ഇളം മനസുകളുടെ

ചിതറിയ ചിന്തകളെ

വളപൊട്ടുകൾ പോലെ


ചേർത്തു വച്ച്

പ്രോത്സാഹനവുമായി കൂടെ നിന്ന

പ്രിയപ്പെട്ട അധ്യാപകർക്കും

കൂട്ടുകാർക്കും ആത്മാർത്ഥമായ നന്ദി.

അഡോൺ ജോമോൻ



# OUR HEAVENLY PATRON



<u>HEADMASTER'S MESSAGE</u>



"സെന്റ് സെബാസ്റ്റ്യൻസ് ഹയർ സെക്കണ്ടറി സ്കൂൾ കടനാട് ലിറ്റിൽ കൈറ്റ്സ് 2022–25 ബാച്ചിലെ കുട്ടികൾ തയ്യാറാക്കുന്ന "റെയിൻബോ" ഡിജിറ്റൽ മാഗസിന് എല്ലാ വിജയ ആശംസകളും നേരുന്നു"

സജി തോമസ്

□ □□ □□□
20/02/2024

# എഡിറ്റോറിയൽ ബോർഡ്

അഡോൺ ജോമോൻ
(ചീഫ് എഡിറ്റർ) ,

ജിനോമോൻ റ്റാജി,

സിറിൾ റ്റോം ബിജു

ജോയൽ ബിബിൻ

ഇമ്മാനുവൽ ജെയിംസ്

ഡെന്നീസ് ജോബി

ഡെവിസ് ജോബി

ആൽവിൻ ജോസഫ്

ഡിയോൺ ജിജോ

സാന്ദ്ര ജോമോൻ,

മാഗ്ലീൻ ഗോഡ്ഫ്രെ

നയനാ അനുപ്






## *Little KITEs Sub District Camp

പാലാ വിദ്യാഭ്യാസ ജില്ലയിലെ രാമപുരം, പാലാ സബ് ജില്ലകളിലെ ലിറ്റിൽ കൈറ്റ്സ്  2022-25 ബാച്ചിന്റെ സബ് ജില്ലാ ക്യാമ്പ് 2023 ഡിസംബർ മാസം 27, 28 തിയ്യതികളിൽ പാലാ സെന്റ് മേരീസ് ഹയർ സെക്കണ്ടറി സ്ക്രൂളിൽ വെച്ച് നടത്തപ്പെട്ടു. ആനിമേഷൻ, പ്രോഗ്രാമിംഗ് എന്നിങ്ങനെ രണ്ട് വിഭാഗങ്ങളിലായി രണ്ട് ദിവസമായിരുന്നുക്യാമ്പ്. എട്ട് കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു

# കവിത

## മുക്തി

നമ്മുടെ ജീവിതത്തിലെ
രാക്ഷസനാണ് ലഹരി
ലഹരിയുടെ തുടലിൽ കുടുങ്ങി
കിടപ്പാൻ ആവില്ല എനിക്ക് ആവില്ല
വെളിച്ചം ഇരുട്ടാകുന്ന മാതിരിയാണ് ലഹരി

നന്നല്ല ഈ ജീവിതം
നന്നല്ല ഈ പരിഷ്കാരം
കേട്ടു കൊൾക
വേരോടെടുത്തു
മാറ്റു ലഹരിയെ......
ഈ ലഹരിയിൽ നിന്ന്
നമുക്ക് മുക്തരാകാം

ഉപേക്ഷിക്കാം ലഹരിയെ
രാക്ഷസനായ ലഹരിയെ
നമ്മളെ തകർക്കുന്ന ലഹരിയെ

ആൻലിയ അനീഷ്
Std 8 B

## ഡിജിറ്റൽ പൂക്കളവും പുലികളിയുമായി ലിറ്റിൽ കൈറ്റ്സിന്റെ ക്യാമ്പോണം

ഈ വർഷത്തെ സ്കൂൾ ക്യാമ്പ് സെപ്റ്റംബർ ഒന്നാം തീയതി നടന്നു.. ശ്രീ ദിനേശ് സെബാസ്റ്റ്യൻ സാർ ക്യാമ്പിന് നേതൃത്വം നൽകി. 30 കുട്ടികൾ പങ്കെടുത്ത ക്യാമ്പ് ആനിമേഷൻ , പ്രോഗ്രാമിങ് തുടങ്ങി ആധുനിക സാങ്കേതിക വിഭവങ്ങളാൽ സമൃദ്ധമായിരുന്നു.







# പണ്ഡിതനും സന്യാസിയും

ഒരിടത്ത് വളരെ പേരുകേട്ട ഒരു പണ്ഡിതൻ ഉണ്ടായിരുന്നു.ഒരു ദിവസം ഇയാൾ ഒരു സന്യാസിയുടെ അടുത്ത് പോയിട്ട് പറഞ്ഞു .; "സർ എനിക്ക് ജീവിതത്തിൻറെ ശരിക്കുള്ള സത്യം എന്താണെന്ന് അറിയണം. എനിക്ക് അതൊന്നു പറഞ്ഞു തരുമോ? ". അപ്പോൾ സന്യാസി ചോദിച്ചു; " നീ ആരാണ്" അപ്പോ പണ്ഡിതൻ പറഞ്ഞു " എന്നെ അറിയില്ല ഞാൻ ഈ നാട്ടിലെ പ്രശസ്തനായ ഒരു പണ്ഡിതനാണ് ഞാൻ ഒരുപാട് വേദഗ്രന്ഥങ്ങൾ ഒക്കെ വായിക്കുകയും പഠിക്കുകയും ഒക്കെ ചെയ്തിട്ടുണ്ട് അതൊക്കെ വെച്ചിട്ട് ഞാൻ സ്വന്തമായിട്ട്കുറച്ച് പുസ്തകങ്ങൾ എഴുതിയിട്ടുമുണ്ട് എല്ലാവർക്കും അതിനെപ്പറ്റി വളരെ നല്ല അഭിപ്രായമാണ് പക്ഷേ എത്രയൊക്കെ ഗ്രന്ഥങ്ങൾ വായിച്ചിട്ടും എനിക്ക് സത്യം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല ആ സത്യം കണ്ടെത്താനും കൂടിയാണ് ഞാൻ അങ്ങയുടെ അടുത്ത് വന്നത് ". സന്യാസി പറഞ്ഞു " ശരി എന്തായാലും നിങ്ങൾ ഇത്രയധികം പുസ്തകങ്ങളും ഗ്രന്ഥങ്ങളും ഒക്കെ വായിച്ചതല്ലേ അപ്പോൾ നിങ്ങൾ ഇതുവരെ പഠിച്ച കാര്യങ്ങൾ എന്തൊക്കെയാണ് അതൊക്കെ ഒന്ന് എഴുതി കൊണ്ടുവരുമോ വേറെ ഒന്നുമല്ല നിങ്ങൾക്ക് അറിയാവുന്ന കാര്യങ്ങൾ ഞാൻ പിന്നെയും പറഞ്ഞു തരേണ്ട ആവശ്യമില്ലല്ലോ അറിയാത്ത കാര്യങ്ങൾ മാത്രം പറഞ്ഞു തന്നാൽ പോരെ . അങ്ങനെ ഈ പണ്ഡിതൻ തനിക്കറിയാവുന്ന കാര്യങ്ങൾ എന്തൊക്കെയാണ് അതൊക്കെ എഴുതാൻ തുടങ്ങി. അങ്ങനെ തനിക്കറിയാവുന്ന കാര്യങ്ങളെ ഒക്കെയും എഴുതി തീർത്തപ്പോഴേക്കും മൂന്നുവർഷം കഴിഞ്ഞു. അപ്പൊ ഈ എഴുതിയ കാര്യ ങ്ങളൊക്കെ വലിയ ബാഗിൽ ആക്കിയിട്ട് പണ്ഡിതൻ സന്യാസിയുടെ അടുത്ത് പോയി. ആയിരക്കണക്കിന് പേപ്പറുകളുണ്ട് ഇത്രയധികം

പേപ്പറുകൾ കണ്ടപ്പോൾ സന്യാസി പറഞ്ഞു ”എൻറെ ഈ ഒരു പ്രായത്തിൽ ഇതും മുഴുവൻ എനിക്ക് വായിക്കാൻ കഴിയില്ല അതുകൊണ്ട് ഇതൊന്നു ചുരുക്കിയിട്ട് ഒന്നുകൂടി എഴുതിയിട്ട് ”. ഇത് കേട്ടതും പണ്ഡിതൻ ഇതുവരെ എഴുതിയത് ഒന്ന് ചുരുക്കി എഴുതി അങ്ങനെ മൂന്നുമാസം കൊണ്ട് . പക്ഷേ എന്നാലും 100 കണക്കിന് പേപ്പറുകൾ ഉണ്ട് സന്യാസി പറഞ്ഞു. ഇതും കുറച്ച് കൂടുതലാണ് ഒന്നുകൂടി ചുരുക്കു എന്ന് പറഞ്ഞു. പിന്നെ പണ്ഡിതൻ പെട്ടെന്ന് എഴുതി എന്നാലും സന്യാസി ഒന്നുകൂടി ചുരുക്കാൻ ആവശ്യപ്പെട്ടു ഇതൊക്കെ കേട്ടപ്പോൾ പണ്ഡിതൻ കുറിച്ച് നേരമെന്ന് ചിന്തിച്ചു നിന്നു എന്നിട്ട് അയാൾ മുറിയിലേക്ക് പോയതിനുശേഷം ഒരു ശൂന്യമായ പേപ്പർ കൊണ്ടുവന്ന സന്യാസിയെ ഏൽപ്പിച്ചു. ഇത് കണ്ടപ്പോൾ സന്യാസിരിച്ചുകൊണ്ട് പറഞ്ഞു ഈ ശൂന്യമായി പേപ്പർ അർത്ഥമാക്കുന്നത് നിൻറെ മനസ്സും ശൂന്യമാണ് എന്നാണ്. ഇനി നീ പുതിയ കാര്യങ്ങൾ പഠിക്കാൻ തയ്യാറായിരിക്കുന്നു കാരണം നമുക്ക് ഒന്നും അറിയില്ല എന്നുള്ള അടിസ്ഥാനമായിട്ടുള്ള കാര്യം നീ മനസ്സിലാക്കി കഴിഞ്ഞു.

..........................................

..........................................

..........................................

..........................................

..........................................

..........................................

..........................................

..........................................

..........................................

ഗോകുൽ K R
8 A


# OUR KITE MASTERS



Sojan George



Jain C Kurian



# ലഹരി വിരുദ്ധ സന്ദേശവുമായി നമ്മുടെ കൂട്ടുകാർ









# ലഹരി അരുത്

ഇന്നത്തെ സമൂഹം നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിൽ ഒന്നാണ്ഇന്നത്തെ സമൂഹം നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിൽ ഒന്നാണ് ലഹരി. മരണത്തിലേക്കുള്ള വഴിയാണ് ലഹരിയുടെ ഉപയോഗം. ലഹരിയുടെ ഉപയോഗം നൽകുന്നത് ഒരുപടി അസുഖങ്ങൾ മാത്രമാണ്. ലഹരി നമ്മുടെ ജീവിതത്തിലെ സർവ്വ സന്തോഷങ്ങളെയും തുടച്ചുനീക്കുംലഹരി നമ്മുടെ ജീവിതത്തിലെ സർവ്വ സന്തോഷങ്ങളെയും തുടച്ചുനീക്കും.

ലഹരി മരുന്നുകൾക്ക് അടിഅടിമപ്പെടുന്നവരിൽ ഏറെ കുട്ടികളാണ്. അതിനാൽ തന്നെ ഇത് സമൂഹത്തിന്റെ മികച്ച ഭാവിക്ക് വിലങ്ങു തടിയായി നിലകൊള്ളുകയാണ്. താൽക്കാലിക സന്തോഷങ്ങൾക്ക് വേണ്ടി ലഹരി ഉപയോഗിച്ചു തുടങ്ങുന്നവരാണ് ഏറെയും.എന്നാൽ പിന്നീട് അവർക്ക് അതിന് ഒഴിവാക്കാൻ സാധിക്കാതെ വരുന്നു. ഒരാളിൽ നിന്നും മറ്റൊരാളിലേക്ക് പടരുന്ന ഒരു രോഗമാണ് ലഹരി പോലെ ആലിപ്പടരുന്ന വിപത്ത് ലഹരിയുടെ ഉപയോഗം ആളുകളെ മറ്റൊരു സ്വഭാവത്തിലേക്ക് എത്തിച്ചേർക്കും അവർ പിന്നീട് എന്തും ചെയ്യാനും മടിയില്ലാത്തവരായി തീരും. സ്വന്തം മാതാപിതാക്കളെ വരെ കൊല്ലുന്ന എത്രയോ വാർത്തകൾ അത്രമാത്രം ചിന്താശക്തി നഷ്ടപ്പെട്ടവർ ആയി ജീവിക്കുന്ന ഒരു കൂട്ടം ആളുകൾ നമുക്കിടയിൽ ഉണ്ട്.

ലഹരിയുടെ ഉപയോഗത്തെ തടുക്കേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞു. ഇനിയും ഇത് തുടർന്നാൽചിലപ്പോൾ ഒരു രാജ്യം തന്നെ ഇല്ലാതായി തീരാം. അതിന് ഒരിക്കലും അനുവദിക്കരുത് ലഹരിയുടെ വലയിൽ വീഴാത്ത മറ്റുള്ളവരെ അതിൽനിന്ന് പിന്തിരിപ്പിക്കുന്നത് ജനതയാണ് വളർത്തി കൊണ്ടുവരേണ്ടത് ആധുനിക സമൂഹത്തിന്റെ ലഹരി ഉപയോഗം ഏറെ ദുഃഖകരവും നിരാശജനകവുമാണ് അതിനാൽ ശോഭനമായ ഭാവിയെ മുൻനിർത്തി ഉചിതമായി ചിന്തിച്ച് പ്രവർത്തിക്കുന്ന ഒരു സമൂഹം ഉണരട്ടെ.

എങ്കിലെത്ര നന്നായിരുന്നു
&&&&&&&&&&&&&&&&&&&



ലിന്റാമോൾ ആന്റണി

ഒന്നൂടെയെത്തുമാ  വിദ്യാലയത്തിലിനി
ഒരു വരം കിട്ടുമെങ്കിൽ
തറ പറകൾ തന്നൊരാ സ്വാതന്ത്ര്യമാനന്ദ-
മൊന്നൂടറിഞ്ഞുവെങ്കിൽ
ചെറു പുളിത്തുണ്ടൊന്നു നീട്ടിപ്പിടിക്കുന്ന
കൂട്ടൊന്നു കൂടിയെങ്കിൽ
കോപത്തിൻ മറയിട്ട മിഴിയിലെ സ്നേഹപ്പെരു-
മഴയിൽ നനഞ്ഞുവെങ്കിൽ
മായ്ച്ചു മായ്ച്ചെഴുതുന്ന സ്ലേറ്റിലെൻ ചങ്കിലെ
നോവെഴുതി മായ്ച്ചുവെങ്കിൽ
നീണ്ടിടനാഴിതൻ നീളമോർക്കാതെയ-
ന്നോടിയതോർത്തുവെങ്കിൽ
കൂവലുകൾക്കിട യിലന്നാദ്യമായ് പാടിയ -
തൊന്നൂടെ പാടിയെങ്കിൽ
പാറിപ്പറക്കാത്ത പ്രണയപ്പിറാവിന്റെ
ചിറകടികൾ കേട്ടുവെങ്കിൽ
അക്ഷരക്കൂട്ടമായ് ഗുരുകുലം പുൽകിപ്പു ണർന്നു ലയിച്ചുവെങ്കിൽ
ക്ഷിതിയിൽ ചിതൽ തിന്നു തീർക്കാത്തൊരറിവിന്റെ
നിഴലിൽ ഇരുന്നുവെങ്കിൽ
നിമിഷാർദ്ധമെങ്കിലും ആ ചരൽ മുറ്റത്തൊ-
ന്നോടിക്കളിച്ചുവെങ്കിൽ
ഉലപോൽ ജ്വലിക്കുമൊരു കരളിന്റെ സ്പന്ദനം
അവിവേകമാകുമെങ്കിൽ
പോകുവാൻ മറ്റോരിടമില്ലാപ്പെണ്ണവൾ-
ക്കിത്ര വെറുതേ കൊതിച്ചുകൂടെ ??

# സ്കൂൾ തുറക്കൽ ഉത്സവമാക്കി സെന്റ് സെബാസ്റ്റ്യൻസിലെ കുരുന്നുകൾ







## യാത്രാ വിവരണം

# മൈസൂർ വഴി ഊട്ടിയിലേയ്ക്ക്

ദിവസങ്ങളുടെ കാത്തിരിപ്പിന് വിരാമം കുറിച്ച് ഒടുവിൽ ആ ദിവസവും വന്നെത്തി.
തിരക്കുപിടിച്ച പത്താം ക്ലാസ് പഠനത്തിന്റെ സമ്മർദ്ദങ്ങളെല്ലാം മറന്ന് അടിച്ചു പൊളിക്കാൻ 4 ദിവസങ്ങൾ ;
"മൈസൂർ വഴി ഊട്ടിയിലേയ്ക്ക് " .
സെപ്തംബർ 19 വൈകിട്ട്
5 മണിയോടു കൂടി രണ്ടു ബസുകളിലായി 90 കുട്ടികളും 8 അധ്യാപകരും അടങ്ങുന്ന സംഘം യാത്ര തിരിച്ചു..
രാവിലെ തന്നെ മൈസൂരിൽ ഫ്രഷായി ആദ്യം പോയത് Zoo, പിന്നീട് പാലസ്, സയൻസ് മ്യൂസിയം, തുടങ്ങിയ സ്ഥലങ്ങളെല്ലാം സന്ദർശിച്ചു. കേട്ടു കേൾവി മാത്രമുള്ള മൃഗങ്ങളും പക്ഷികളെയുമൊക്കെ കാണാൻ സാധിത് അനുവമായിരുന്നു..
തുടർന്ന് വൃന്ദാവൻ ഗാർഡനും കണ്ട് രാത്രിയേടെ ഊട്ടിയിലേയ്ക്ക് തിരിച്ചു.
കൊടും തണുപ്പിൽ ഊട്ടിയിൽ പലരും വിറച്ചു. ടീ ഫാക്ടറി , നീഡിൽ പോയിന്റ്, കർണാടക ഗാർഡൻ, ബൊട്ടാണിക്ക ഗാർഡൻ ഇവയെല്ലാം മറക്കാനാവാത്ത അനുഭവമായി രാത്രിയിലെ ക്യാമ്പ്ഫയർ എല്ലാവരെയ ആവേശത്തിലാക്കി.
പിറ്റേന്ന് രാവിലെയോടെ സ്കൂളിലെത്തിയ യാത്ര സമ്മാനിച്ചത് മറക്കാനാവാത്ത ഒരുപാട് ഓർമകൾ

സിയ മറിയം രാജേഷ്
10 A

# കുട്ടികളും കൃഷിയിലേയ്ക്ക് :

സ്കൂളുകളിൽ പച്ചക്കറി കൃഷി ചെയ്യുകയും പുതിയ തലമുറയെ കൃഷിയിൽ ചേർത്ത് നിർത്തുകയു ചെയ്യുക എന്ന ഉദ്ദേശത്തോടെ നടപ്പിലാക്കിയ സ്കൂൾ കൃഷിത്തോട്ടം  പരിപാടിയിൽ മികച്ച പങ്കാളിത്തമാണ് ഉണ്ടായത്. കുട്ടികളുടെയും അധ്യാപകരുടെയും കൂട്ടായ പരിശ്രമത്തിലൂടെ ധാരാളം പച്ചക്കറികൾ ഉച്ച ഭക്ഷണ പദ്ധതിയിലേയ്ക്ക് നൽകാൻ സാധിച്ചു. ജൂലയ് മാസത്തിൽ തുടങ്ങിയ കൃഷി ഇപ്പോഴും തുടരുന്നു.




കുട്ടികളും കൃഷിയിലേക്ക്
സ്കൂൾ
ജൈവകൃഷി
മത്സരം
2023–24











# ജീവിതം ലഹരി

പൊള്ളലാണ് ലഹരി
കനലാണ്      ലഹരി
കുടുംബത്തെ ചുട്ടുപൊള്ളിക്കുന്ന
തീയാണ്  ലഹരി

മനുഷ്യനെ മനുഷ്യ നന്നല്ലാ
താക്കുന്നതാണ് ലഹരി
മനുഷ്യനെ ദ്രോഹി
ക്കുന്നതാണ് ലഹരി

മനുഷ്യനെ മരണത്തിലേക്ക്
നയിക്കുന്നതാണ് ലഹരി
മനുഷ്യനെ മരണത്തിൽ
മുക്കി കൊലുന്നതാണ് ലഹരി

ശത്രുക്കളെക്കാൾ
വിഷമാണ് ലഹരി
ലഹരി എന്നാൽ
നമ്മുടെ ശത്രുക്കളായിരിക്കണം

ജീവിതത്തെ നന്നായി
കാണണമെങ്കിൽ
ലഹരി വേണ്ട
എന്ന് പറയു കൂട്ടുകാരെ

മേഘ മുരളീധർ
Std 8 B

# മികവിന്റെ മുഖവുരയുമായി കടനാട് സ്കൂൾ

